## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ അനുപമ T.V IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:** - വനിതാ ശിശു വികസന വകുപ്പ്- ICPS- തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2021 ഓഗസ്റ്റ് മാസം മുതലുള്ള 6 മാസത്തേക്കുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:**-1.തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:ഡി.സി.പി.ഒ/റ്റി/സി3/1972/21 തീയതി:03.09.2021

2. 05.03.2021 ലെ വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

### *ഉത്തരവ് നമ്പർ*- ICPS4(B)/11378 /21 *തീയതി:*04.11.2021

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പരാമർശം 1 പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ലഭ്യത രഹിത സാക്ഷ്യപത്രം ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രതിമാസം 25,000/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്. കൂടാതെ പരാമർശം 2 പ്രകാരം ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം പ്രതിമാസ വാടകയിൽ പരമാവധി അനുവദിക്കാവുന്ന 15,000/-രൂപയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു അനുമതി നൽകിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2021 ഓഗസ്റ്റ് മുതൽ 6 മാസത്തേക്ക് പ്രതിമാസം 25000/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ **1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ റെന്റ് കമ്പോണന്റിൽ നിന്നും തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ആഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ആഫീസറുടെ തുക തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന **ഡയറക്ടർ** &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിത ശിശു വികസന ആഫീസറുടെ തിരുവനന്തപുരം

**പകർപ്പ്:**

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. **സ്റ്റോക്ക് ഫയൽ**
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്